പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6378 11-07-2012 -ൽ മറുപടിക്ക്.

എക്സൈസ് വകുപ്പിലെ തെളിയിക്കപ്പെടാത്ത കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ :<br>" കെ. അച്ചുതൻ :<br>" വി. റ്റി. ബൽറാം :<br>" എ. റ്റി. ജോർജ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |
| (എ) എക്സൈസ് വകുപ്പിൽ കഴിഞ്ഞ 5 വർഷക്കാലത്തെ തെളിയിക്കപ്പെടാത്ത കേസുകൾ സംബന്ധിച്ച രേഖകൾ ലഭ്യമാണോ; എങ്കിൽ ഒരു ലക്ഷത്തിന് മേൽ മൂല്യമുള്ള തൊണ്ടിസാധനങ്ങൾ പിടിച്ചെടുത്ത എത്ര കേസ്സുകളുണ്ട്; | (എ) ലഭ്യമാണ്. ഒരു ലക്ഷത്തിനുമേൽ മൂല്യമുള്ള തൊണ്ടി സാധനങ്ങൾ പിടിച്ചെടുത്ത 66 കേസ്സുകളുണ്ട്. |
| (ബി) എക്സൈസ് ഉദ്യോഗസ്ഥർക്ക് കേസ് അന്വേഷണത്തിന് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) ക്രിമിനൽ നടപടിക്രമം, അബ്കാരി നിയമങ്ങളും ചട്ടങ്ങളും, ഇന്ത്യൻ തെളിവ് നിയമം എന്നിവ അടിസ്ഥാനമാക്കിയാണ് എക്സൈസ് ഉദ്യോഗസ്ഥർ കേസ് അന്വേഷണം നടത്തി വരുന്നത്. കൂടാതെ, ആവശ്യമായ നിർദ്ദേശങ്ങൾ കാലാനുസൃതമായി, ബഹു. കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകാറുണ്ട്. കേസ് അന്വേഷണത്തിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെയും ഈ മേഖലയിലെ വിദഗ്ദ്ധരുടെയും സേവനം ലഭ്യമാക്കി, കാലാകാലങ്ങളിൽ കേസ് അന്വേഷണം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങളും വിദഗ്ദ്ധോപദേശവും ഉദ്യോഗസ്ഥന്മാർക്ക് നൽകി വരുന്നുണ്ട്. |
| (സി) എക്സൈസിന്റെ ക്രൈംബ്രാഞ്ച് വിഭാഗം മേഖലാ തലത്തിലും സംസ്ഥാന തലത്തിലും രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) എക്സൈസ് വകുപ്പിൽ ക്രൈം ബ്രാഞ്ച് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ആഫീസർ